ശ്രീ. കെ.എ. ചന്ദ്രൻ:

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ലാഭകേന്ദ്രങ്ങളുടെ കർമ്മ സമിതി യോഗങ്ങളിൽ ഏതെങ്കിലും വിദേശീയർ പങ്കെടുക്കുന്നുണ്ടോ; എങ്കിൽ ആരെല്ലാം;

(ബി) ഏതു രാജ്യത്തുള്ളവർ; എന്തടിസ്ഥാനത്തിലാണ് ഇവരെ കർമ്മസമിതി യോഗങ്ങളിലേയ്ക്ക് ക്ഷണിച്ചുവരുത്തുന്നത്;

(സി) ലാഭകേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥന്മാർക്കും കർമ്മ സമിതി അംഗങ്ങൾക്കും ഈ വിദേശ ഉദ്യോഗസ്ഥൻമാർ പരിശീലനം നൽകുന്നുണ്ടോ;

(ഡി) എങ്കിൽ എവിടെവച്ച്; എന്തെല്ലാം പരിശീലനം നൽകുന്നു;

(ഇ) കർമ്മ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന വിദേശികൾ എന്തെല്ലാം വിധത്തിലുള്ള സംഭാവനകൾ നൽകുന്നുണ്ടെന്ന് അറിയിക്കുമോ:

(എഫ്) കർമ്മസമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന വിദേശികൾക്ക് ടി. എ., ഡി.എ. ഇനങ്ങളിൽ എന്തു തുക ഇതുവരെ നൽകി;

(ജി) വിദേശികൾ ലാഭകേന്ദ്രങ്ങളെ ഉദ്ദേശിച്ചു നടത്തുന്ന പരിശീലനത്തിന് ഇതുവരെ എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) കർമ്മസമിതിയിലെ അംഗങ്ങൾക്ക് കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്പ്മെന്റ് അതോറിറ്റി (CIDA)യുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസ് പ്രോജക്ടിൽ (EISP) പ്രവർത്തിക്കുന്ന വിദേശികളായ സാങ്കേതിക വിദഗ്ദ്ധർ പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമായി വരുന്ന മേഖലകളിൽ സിഡാ നിയമിച്ച കൺസൾട്ടൻസി ഏജൻസി പരിശീലനം നൽകുന്നുണ്ട്.

(ഇ) കർമ്മ സമിതി യോഗങ്ങളിൽ വിദേശികൾ പങ്കെടുക്കാറില്ല.

(എഫ്) പ്രസക്തമല്ല. പരിശീലനത്തിന് ബോർഡിന് പ്രത്യേക ചെലവൊന്നുമില്ല.

(ജി) ഇതിനുള്ള ചെലവ് വഹിക്കുന്നത് കരാർ പ്രകാരം സിഡാ (CIDA) യുടെ ധനസഹായത്തോടെ നടത്തി വരുന്ന എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസ്സ് പ്രോജക്ട് ആണ്.

134 (2512) സംസ്ഥാന വൈദ്യുതി ബോർഡ് വാങ്ങുന്ന ട്രാൻസ്ഫോർമറുകൾ

ശ്രീ. പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ട്രാൻസ്ഫോർമറുകൾ വാങ്ങുന്നത് എവിടെനിന്നാണ്; പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നാണോ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ പൊതുമേഖലയായ ടെൽക്ക്-ൽ നിന്നും വൈദ്യുതി ബോർഡ് ട്രാൻസ്ഫോർമറുകൾ വാങ്ങുന്നുണ്ടോ; എങ്കിൽ എത്ര വാങ്ങുന്നു;

(സി) ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്താണ്; ഏതു സ്ഥാപനത്തെയാണ് ഇത് ഏല്പിച്ചിരിക്കുന്നത്;

(ഡി) 'ടെൽക്'നെ ചുമതല ഏൽപ്പിക്കുവാൻ വൈദ്യുതി ബോർഡിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ടെണ്ടറുകൾ ക്ഷണിച്ചാണ് ട്രാൻസ്ഫോർമർ വാങ്ങുന്നത്. അതുകൊണ്ട് പൊതുമേഖലയെന്നോ സ്വകാര്യ മേഖലയെന്നോ വേർതിരിവൊന്നുമില്ല.

(ബി) വാങ്ങുന്നുണ്ട്. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ വാങ്ങുന്നതിനായി കഴിഞ്ഞ രണ്ടു വർഷം നൽകിയ ഓർഡറിൽ 73 ശതമാനവും ടെൽക്കിനാണ് കൊടുത്തിട്ടുള്ളത്. പവർ ട്രാൻസ്ഫോർമർ വാങ്ങുന്നതിന് കഴിഞ്ഞ രണ്ടു വർഷം നൽകിയ ഓർഡറിൽ ഒരെണ്ണം ഒഴിച്ച് 37 ട്രാൻസ്ഫോർമറുകൾ സപ്ലൈ ചെയ്യുന്നതിനുള്ള ഓർഡറും ടെൽക്കിനാണ് നൽകിയിട്ടുള്ളത്.

(സി) ഡിസ്ട്രിബൂഷൻ ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾ ടി. എം.ആർ ഡിവിഷനുകളിൽ ചെയ്യാൻ കഴിയുന്നതാണെങ്കിൽ അവിടെ ചെയ്യുകയും, അവിടെ നടത്താൻ സാധിക്കാത്ത അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കാലാകാലങ്ങളിൽ ടെണ്ടറുകൾ ക്ഷണിച്ച് വിവിധ സ്ഥാപനങ്ങളെ ഏല്പിക്കുകയുമാണ് ചെയ്യുന്നത്. പവർ ട്രാൻസ്ഫോർമറിന്റെ അറ്റകുറ്റ പ്പണികൾ അവ സപ്ലൈ ചെയ്ത കമ്പനികളെ തന്നെയാണ് ഏല്പിക്കുന്നത്. ഇതാണ് നിലവിലുള്ള സംവിധാനം. ഡിസ്ട്രിബൂഷൻ ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതുപ്രകാരം താഴെ പറയുന്ന കമ്പനികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

1. ദി മെട്രോപോളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി, തിരുവനന്തപുരം.
2. തമിഴ്നാട് ട്രാൻസ്ഫോർമർ പ്രൈവറ്റ് ലിമിറ്റഡ്.
3. യൂണി പവർ സിസ്റ്റം, കോട്ടയം.
4. ട്രാൻബൽ ഇലക്ട്രിക്കൽസ്, കണ്ണൂർ.
5. ഇൻഡ്യ ടെക് ഇലക്ട്രിക് കമ്പനി, പാലക്കാട്.
6. ഇൻഡോ ടെക് ട്രാൻസ്ഫോർമേഴ്സ് ലിമിറ്റഡ്, പാലക്കാട്.
7. രോഹിണി എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, പാലക്കാട്.

(ഡി) ഇല്ല. ടെൽക് സ്പ്ലൈ ചെയ്തിട്ടുള്ള പവർ ട്രാൻസ്ഫോർമറിന്റെ അറ്റകുറ്റ പ്പണികൾ അവർതന്നെയാണ് ചെയ്യുന്നത്. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറിന്റെ അറ്റകുറ്റ പണിക്ക് ടെൽക് ടെണ്ടർ നൽകിയിരുന്നില്ല.

135 (2513) വൈദ്യുതി ഉപയോഗിക്കാതിരിക്കുമ്പോൾ അടയ്ക്കേണ്ട ചാർജ്ജ്

ശ്രീ. ഇ.എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly